LIBRARY ARCHIVES Kerala Legislative Assembly

മുഹമ്മദ് ഷാഫിയുടെ മരണം

56 [1632] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിലെ പരേതനായ മണ്ണില തൊടികയിൽ മൊയ്തീന്റെ മകൻ കെട്ടിൽ മുഹമ്മദ് ഷാഫി മരണപ്പെട്ടത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചത് ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) മുഹമ്മദ് ഷാഫിയുടെ കുടുംബത്തിന് നൽകിയ ധനസഹായം സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) വാഹനാപകടത്തിലാണ് മരിച്ചത്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കെ.എൽ./10-കെ. 180 നമ്പർ ടിപ്പർ ലോറി ഡ്രൈവർ ജൈബൽ, എസ്/ഒ മരക്കാർ, വയസ്സ് 22/02, ചിറക്കൽ ഹൗസ്, ഒളവണ്ണ എന്ന ആളുടെ പേരിൽ കോഴിക്കോട് സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 692/02, യു/എസ് 279, 304 (എ) ഐ.പി.സി. ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, ബഹു. കുന്ദമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

നാദാപുരത്ത് ചിയ്യൂരിൽ ബോംബ് സ്ഫോടനത്തിൽ പീടിക തകർക്കപ്പെട്ട സംഭവം

57 [1633] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ ചിയ്യൂരിൽ രാജന്റെ പീടിക ഉഗ്ര ശേഷിയുള്ള ബോംബ് സ്ഫോടനത്തിൽ തകർക്കപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാദാപുരത്ത് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നേതൃത്വത്തിൽ ജനങ്ങൾ ഊട്ടിയുറപ്പിച്ച സമാധാന അന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്ന ഇത്തരം ഛിദ്രശക്തികളെ പിടികൂടി നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരേണ്ടതിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുക്കുമോ;

(സി) ഈ കേസന്വേഷണത്തിൽ പോലീസ് വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനമ്മൽ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഇക്കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ഗൗരവമായിതന്നെ നടത്തുന്നുണ്ട്.

(സി) ഇല്ല. എക്സ്പ്ലോസീവ്സ് സബ്സ്റ്റൻസസ് ആക്ടിലെ മൂന്നും അഞ്ചും വകുപ്പുപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് (നാദാപുരം പോലീസ് സ്റ്റേഷനിൽ ക്രൈം 154/04 ആയി) പോലീസ് അതീവജാഗ്രതയോടെ കേസന്വേഷണം ത്വരിത പ്പെടുത്തിയിട്ടുണ്ട്.

പുത്തൂർ, മാധവശ്ശേരി പള്ളി ജംഗ്ഷനിൽ നടന്ന വീട് കവർച്ചകൾ

58 [1634] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര-എഴുകോൺ പോലീസ് സ്റ്റേഷനുകളുടെ അതിർത്തിയിൽപ്പെട്ട പുത്തൂർ മാധവശ്ശേരി പള്ളി ജംഗ്ഷനിൽ വീടുകൾ കവർച്ച ചെയ്ത സംഘത്തെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രദേശത്തെ വ്യാജവാറ്റുകാരും മോഷ്ടാക്കളും ഒത്തുചേർന്ന് നടത്തുന്ന കവർച്ചകളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രദേശത്ത് രണ്ട് സ്റ്റേഷനുകളിൽ നിന്നും പോലീസ് പട്രോൾ നടത്താറുണ്ടോ;

(ഇ) എങ്കിൽ പട്രോളിംഗ് നടത്തിയ ദിവസങ്ങൾ തെളിയിക്കുന്ന രജിസ്റ്റർ രേഖകളുടെ പകർപ്പ് ഹാജരാക്കാമോ?

ഉത്തരം

(എ) ഇല്ല. പുത്തൂർ മാധവശ്ശേരി പള്ളി ജംഗ്ഷനിലെ വീട് കവർച്ച സംബന്ധിച്ച പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(ബി) പുത്തൂർ മാധവശ്ശേരി പള്ളി ജംഗ്ഷനിലെ വീടുകൾ കവർച്ച ചെയ്തതായി പറയുന്ന പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(സി) ടി പ്രദേശത്ത് വ്യാജവാറ്റു നടത്തുന്നത് സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കവർച്ചകൾ നടന്നതായി പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) പോലീസ് പട്രോളിംഗ് സംബന്ധിച്ച വിവരങ്ങൾ സ്റ്റേഷനുകളിലെ ജി.ഡി.-യിൽ രേഖപ്പെടുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly